**പതിമൂന്നാം കേരള നിയമസഭ**

# ഹർജികൾ സംബന്ധിച്ച സമിതി
# (2014–2016)

**ഒൻപതാമത് റിപ്പോർട്ട്**

(തെരുവുനായകളുടെ ഉപദ്രവത്തിൽ നിന്നും മനുഷ്യന്റെ പ്രതിരോധവും അതിജീവനവും സംബന്ധിച്ച്)

(2014 ഡിസംബർ 11–ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# ഹർജികൾ സംബന്ധിച്ച സമിതി
# (2014-2016)

## ഒൻപതാമത് റിപ്പോർട്ട്

(തെരുവുനായകളുടെ ഉപദ്രവത്തിൽ നിന്നും മനുഷ്യന്റെ
പ്രതിരോധവും അതിജീവനവും സംബന്ധിച്ച്)

(2014 ഡിസംബർ 11-ാം തീയതി സഭയിൽ സമർപ്പിച്ചത്)

1492/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ

ശ്രീ. തോമസ് ഉണ്ണിയാടൻ

അംഗങ്ങൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ

,, കെ. കുഞ്ഞമ്മത് മാസ്റ്റർ

,, പി. എ. മാധവൻ

,, സി. കെ. നാണു

,, കെ. കെ. നാരായണൻ

,, ഷാഫി പറമ്പിൽ

,, കെ. എം. ഷാജി

,, പി. ഉബൈദുള്ള.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി

ശ്രീ. എൻ. പ്രേമചന്ദ്രൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

## ആമുഖം

ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സംസ്ഥാനത്ത് തെരുവുനായകളുടെ ശല്യം അനിയന്ത്രിതമായി വർദ്ധിച്ചതിനെ തുടർന്ന് അവയുടെ കടിയേറ്റ് മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും രോഗങ്ങൾ പിടിപെടുന്നതുമായി ബന്ധപ്പെട്ട് സമിതിക്ക് ലഭിച്ച ഹർജിയെ അടിസ്ഥാനപ്പെടുത്തി തദ്ദേശസ്വയംഭരണം, മൃഗസംരക്ഷണം, ആരോഗ്യ കുടുംബക്ഷേമം, നിയമം എന്നീ വകുപ്പുകളിൽനിന്നും നടത്തിയ തെളിവെടുപ്പിൽ ലഭിച്ച വിവരങ്ങളും, നിയമവകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടും, സമിതിയുടെ അഭിപ്രായങ്ങളും നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2014 ഡിസംബർ 4-ാം തീയതി കൂടിയ യോഗം അംഗീകരിച്ചു.

തോമസ് ഉണ്ണിയാടൻ,

*അദ്ധ്യക്ഷൻ,*
*ഹർജികൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 11.

# റിപ്പോർട്ട്

1. സംസ്ഥാനത്ത് തെരുവുനായകളുടെ ശല്യം അനിയന്ത്രിതമായി വർദ്ധിച്ചു കൊണ്ടിരിക്കുന്നുവെന്നും, തെരുവുനായകളുടെ എണ്ണം വർദ്ധിച്ചതിനെതുടർന്ന് അവയുടെ കടിയേറ്റ് മനുഷ്യർക്കും, വളർത്തുമൃഗങ്ങൾക്കും രോഗങ്ങൾ പിടിപെടുന്നുവെന്നും ഇതിനു സമിതി ഇടപെട്ട് ഒരു പരിഹാരം കാണണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് ശ്രീ. സെയ്ദ് മുഹമ്മദ് സമിതി മുമ്പാകെ ഹർജി സമർപ്പിച്ചത്. പിഞ്ചുകുഞ്ഞുങ്ങളടക്കം മനുഷ്യരെയും മൃഗങ്ങളെയും തെരുവുനായകൾ കടിച്ച് മാരകമായി മുറിവേല്പിക്കുന്ന വാർത്തകൾ നിരന്തരം പത്രമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നതു ശ്രദ്ധയിൽപ്പെട്ട സമിതി സമകാലിക മനുഷ്യജീവിതത്തെ ഗുരുതരമായി ബാധിക്കുന്ന ഈ പ്രശ്നത്തിൽ സജീവമായി ഇടപെടാൻ തീരുമാനിക്കുകയുണ്ടായി. തെരുവുനായകളുടെ ശല്യം എങ്ങനെ നിയന്ത്രിക്കാനാകും എന്ന വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു.

2. മനുഷ്യൻ ആദ്യമായി മെരുക്കിയെടുത്ത മൃഗമാണ് നായ. 12000 ബി. സി. മുതൽ തന്നെ മനുഷ്യനും നായയും തമ്മിലുളള ബന്ധത്തെപ്പറ്റി തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. 2001-ലെ കണക്കുകൾ പ്രകാരം ലോകത്ത് ഏകദേശം 400 മില്യൺ നായകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുളളത്. നിലവിലെ കണക്കുകൾ പ്രകാരം കേരളത്തിൽ ഏതാണ്ട് 3 ലക്ഷത്തിലധികം തെരുവുനായകൾ ഉണ്ടെന്നാണ് കണക്കാക്കി യിരിക്കുന്നത്. ലോകമെമ്പാടും തെരുവുനായകൾ ഉണ്ടെങ്കിലും, വികസിത രാജ്യങ്ങളിൽ നിന്നും തികച്ചും വിഭിന്നമായ സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. വികസിത രാജ്യങ്ങളിൽ നായകളുടെ ജനനനിയന്ത്രണം സാധ്യമായിട്ടുണ്ട്. അവിടെ ഉടമസ്ഥർ ഉപേക്ഷിക്കുന്ന നായകൾ മാത്രമാണ് തെരുവുകളിൽ എത്തുന്നത്. എന്നാൽ ഇവിടെ വളർത്തുനായകളും തെരുവിന്റെ ഭാഗമായി മാറുന്നു.

3. നഗരവല്കരണവും അതിനോടനുബന്ധിച്ച് സൃഷ്ടിക്കപ്പെടുന്ന ചേരികളും നഗരം പുറന്തളളുന്ന മാലിന്യങ്ങളുമാണ് തെരുവുനായകളുടെ വംശവർദ്ധനവിന് പ്രധാന കാരണങ്ങളിൽ ഒന്ന്. ശരിയായ വിധത്തിൽ മാലിന്യ സംസ്ക്കരണം നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കാതെ വരുന്നതിനെതുടർന്ന് നഗരത്തിൽ വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങൾ ഇവയുടെ വംശവർദ്ധനവിന് ആക്കം കൂട്ടുന്നു.

4. തെരുവുനായകളുടെ എണ്ണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായിട്ടാണ് നായയെ കൊല്ലുന്ന സമ്പ്രദായം ആരംഭിച്ചത്. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റേയും കോടതി യുടേയും ഇടപെടലുകളെ തുടർന്ന് നായകളെ കൊല്ലുന്നത് നിർത്തലാക്കുകയും, അതിന് പകരം സ്റ്റെറിലൈസേഷൻ പ്രോഗ്രാം ആരംഭിക്കുകയും ചെയ്തു.

5. തെരുവുനായകളെ കൊല്ലുന്നത് നിരോധിക്കുകയും അതിന് പകരമായി കൊണ്ടുവന്ന സ്റ്റെറിലൈസേഷൻ പ്രോഗ്രാം കാര്യക്ഷമമായി നടപ്പിലാകാതെവരികയും ചെയ്തതിനെത്തുടർന്ന് നഗരങ്ങളിൽ തെരുവുനായകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കാനിടയായി. അതിൽ ഒരു ഭാഗം പേവിഷബാധിതരായതോടുകൂടി പേപ്പട്ടികളുടെ കടിയേൽക്കുന്ന ദാരുണമായ സാഹചര്യമാണ് ഇന്ന് സമൂഹം അഭിമുഖീകരിക്കുന്നത്. ഏതു രോഗത്തിനും ഫലപ്രദമായ ചികിത്സ കണ്ടെത്തി ആധുനിക വൈദ്യശാസ്ത്രം മുന്നേറുമ്പോഴും പേപ്പട്ടിവിഷം തലച്ചോറിനെ ബാധിച്ച് പേവിഷബാധ സ്ഥിരീകരിച്ചാൽ

പിന്നെ ആ മനുഷ്യജീവൻ ഒരുതരത്തിലും രക്ഷപ്പെടാനാകാതെ മരണത്തിലേക്ക് തള്ളിവിടപ്പെട്ട് ആ വ്യക്തിയും അയാളുടെ മരണംമൂലം കുടുംബവും നിരാലംബ മാകുന്നത് നിസ്സഹായതയോടെ കണ്ടുനിൽക്കാൻ മാത്രമെ ഇന്നത്തെ ആധുനിക വൈദ്യശാസ്ത്രത്തിനുപോലും കഴിയുന്നുള്ളൂ എന്ന ഭീതിജനകമായ സാഹചര്യത്തിന്റെ ഗൗരവം സമിതി വിലയിരുത്തുകയും മൃഗങ്ങൾക്കുള്ളതുപോലെതന്നെ മനുഷ്യജീവന്റെ വിലയും മൂല്യവും തിരിച്ചറിയുകയും തെരുവുനായകളുടെ ശല്യത്തിൽ നിന്നും മനുഷ്യസമൂഹത്തെ എങ്ങനെ രക്ഷപ്പെടുത്താം എന്നു കണ്ടെത്തുന്നതിനായി തദ്ദേശസ്വയംഭരണം, മൃഗസംരക്ഷണം, ആരോഗ്യ കുടുംബക്ഷേമം, നിയമം എന്നീ വകുപ്പു സെക്രട്ടറിമാരിൽനിന്നും 5-11-2014-ന് സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി.

6. ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ റിപ്പോർട്ടിൽ ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ 12-6-2013-ലെ 9-2/2013-14/ പി.സി.എ. നമ്പർ കത്തിന്റെയും സംസ്ഥാന സർക്കാരിന്റെ 9-7-2013-ലെ 41230/ ആർ.സി3/2013/ത.സ്വ.ഭ.വ. നമ്പർ കത്തിന്റെയും അടിസ്ഥാനത്തിലും പഞ്ചായത്ത് ഡയറക്ടറുടെ 13-8-2013-ലെ കത്തിലെ നിർദ്ദേശാനുസരണവും, പഞ്ചായത്തുകളിൽ പദ്ധതി മുഖാന്തിരമോ അല്ലാതെയോ തെരുവുനായകളെ പിടികൂടി വന്ധ്യംകരണം, പേവിഷ പ്രതിരോധ കുത്തിവയ്പുകൾ എന്നിവ നടത്തി അതത് സ്ഥലത്ത് തിരികെവിടുന്നതിനുള്ള നടപടികളാണ് എടുത്തിട്ടുള്ളതെന്ന് സമിതിയെ അറിയിക്കുക യുണ്ടായി.

7. പഞ്ചായത്ത് രാജ് ആക്ടിന്റെയും മുനിസിപ്പൽ ആക്ടിലെയും ചട്ടങ്ങൾക്കനുസൃത മായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡീസെൻട്രലൈസ്ഡ് പദ്ധതിയിൽ നിന്നുള്ള തുകയും കേന്ദ്ര ഗവൺമെന്റ് നൽകുന്ന ഗ്രാന്റും (ഒരു നായയെ വന്ധ്യംകരിക്കുന്നതിന് 575 രൂപ) ഉപയോഗിച്ച് എ. ബി. സി. (ആനിമൽ ബെർത്ത് കൺട്രോൾ) പ്രോഗ്രാം മുഖേന നായകളെ വന്ധ്യംകരണം നടത്തിവരുന്നുണ്ടെന്നും കൂടാതെ പത്ത് പഞ്ചായത്തുകൾ (മുനിസിപ്പാലിറ്റി ഉണ്ടെങ്കിൽ അതും) ചേർത്തുള്ള ക്ലസ്റ്റർ, ബ്ലോക്കടിസ്ഥാനത്തിൽ രൂപീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽനിന്നും തുക ചെലവഴിച്ച് ബ്ലോക്ക് മൃഗാശുപത്രികളിൽവച്ച് മൃഗസംരക്ഷണ വകുപ്പിലെ ഡോക്ടർ മാരുടെ മേൽനോട്ടത്തിൽ നായകളെ വന്ധ്യംകരണം നടത്തി ഒരാഴ്ച സംരക്ഷിച്ചശേഷം തൽസ്ഥലത്ത് തിരികെവിടുന്ന പദ്ധതിയിലൂടെ നായകളുടെ ജനനനിയന്ത്രണം നടപ്പിലാക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിക്കുക യുണ്ടായി. ക്ലസ്റ്റർ രൂപീകരണവുമായി ബന്ധപ്പെട്ട് 4 വകുപ്പുകളുടെ ഏകോപനം വേണ്ടിവരുന്നതിനാൽജില്ലാ കളക്ടറെയാണ് മോണിറ്ററിംഗ് ഓഫീസറായി നിയമിച്ചിട്ടുള്ള തെന്നും എന്നാൽ ഇതു സംബന്ധിച്ച് 16-10-2014-ൽ 2673/2014/ത.സ്വ.ഭ.വ. നമ്പരായി സർക്കാർ ഉത്തരവിറക്കിയെങ്കിലും ഒരു ജില്ലയിലും ക്ലസ്റ്റർ രൂപീകരിച്ചിട്ടില്ലെന്നും തെളിവെടുപ്പ് സമയത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി.

8. മുൻപ് നായകളെ വളർത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകിയിരുന്നു എന്നും എന്നാൽ ഇന്ന് ആ സ്ഥിതിവിശേഷം നിലവിലില്ലെന്നും ആയതിനാൽ രോഗഗ്രസ്ഥരാകുന്ന നായകളെ ഉടമസ്ഥർതന്നെ തെരുവിൽ ഉപേക്ഷിക്കുന്ന സാഹചര്യമുണ്ടാകുന്നുണ്ടെന്നും നായകളെ വളർത്തുന്നതിന് ഉടമസ്ഥർ ലൈസൻസ് എടുക്കണമെന്ന് ബഹു. ഹൈക്കോടതി WPC 14210/13-ാം നമ്പർ കേസ് പരിഗണിച്ച വേളയിൽ നിരീക്ഷിക്കുകയും ചെയ്തിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി.

9. പേവിഷബാധയ്ക്കെതിരെ പഞ്ചായത്തടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും പേപ്പട്ടികളുടെ എണ്ണവും അവയുടെ കടിയേറ്റ് ചികിത്സ തേടുന്നവരുടെ എണ്ണവും നാൾക്കുനാൾ വർദ്ധിച്ചുവരികയാണ് എന്നും നായകളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവാണ് ഇതിന്റെ കാരണമെന്നും സമിതി വിലയിരുത്തി. ഇതൊഴിവാക്കാൻ വളർത്തുനായകൾ ഉൾപ്പെടെയുള്ള നായകൾക്ക് പേവിഷബാധയ്ക്കെതിരെ കുത്തിവയ്പ് നടത്തേണ്ടതുണ്ട്. മുൻപ് എസ്. പി. സി. എ. ആക്ട് അനുസരിച്ച് ഓരോ ജില്ലയിലും സർക്കാർസ്ഥലത്ത് തെരുവുനായകളെ സംരക്ഷിച്ച് അതുവഴി അവയുടെ ജനനനിയന്ത്രണവും പേവിഷം ഏൽക്കാനുള്ള സാദ്ധ്യതയും കുറച്ചിരുന്നുവെങ്കിലും ആ പദ്ധതി കേന്ദ്ര നിയമംമൂലം നടപ്പിലാക്കാൻ കഴിയുന്നില്ല. ഗോവ സംസ്ഥാനത്ത് തെരുവുനായകളെ കൊന്നും, എസ്.പി.സി.എ. ആക്ട് പ്രകാരം നടപടി സ്വീകരിച്ചും നായകളുടെ എണ്ണം കുറച്ചിരുന്നെങ്കിലും കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ അവർക്കും പിന്നോട്ട് പോകേണ്ടിവരുന്നു എന്നും ഈ സാഹചര്യത്തിൽ എ. ബി. സി. പ്രോഗ്രാമും നായകളെ വളർത്തുന്നതിന് ലൈസൻസിംഗ് സമ്പ്രദായവും കാര്യക്ഷമമായി നടപ്പാക്കേണ്ടത് അനിവാര്യമാണെന്നും സമിതി വിലയിരുത്തുന്നു.

10. തെരുവുനായകളുടെ എണ്ണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ്, കേരള സ്റ്റേറ്റ് അർബൻ ഡെവലപ്മെന്റ്, സത്യസായി ബാബ ട്രസ്റ്റ്, എൻ. ജി. ഒ.-കൾ എന്നിവരുടെ സഹായത്തോടെ 1.5 ലക്ഷം രൂപ ചെലവിൽ തിരുവനന്തപുരത്ത് നടപ്പിലാക്കിയ പൈലറ്റ് പ്രോജക്ട്വഴി 346 നായകളെ വന്ധ്യംകരിച്ചെന്നും പെൺപട്ടിയെ സ്റ്റെറിലൈസ് ചെയ്തും, ആൺപട്ടിയെ കാസ്ട്രേറ്റ് ചെയ്തും അതിനു ശേഷം വാക്സിനേഷനും നൽകി ഐഡന്റിഫിക്കേഷൻമാർക്കും ചെയ്ത് പിടികൂടിയ അതേ സ്ഥലത്ത് തിരികെവിടുകയാണ് ചെയ്യുന്നതെന്നും, ഇതിനായി കോൺട്രാക്ട് അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ടെന്നും എന്നാൽ ഈ പദ്ധതി മറ്റു ജില്ലകളിൽ നടപ്പിലാക്കിയിട്ടില്ല എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി.

11. സംസ്ഥാനത്ത് ഒരുവർഷം ഏകദേശം ഒരു ലക്ഷത്തി മുപ്പതിനായിരം പേർക്ക് നായകളുടെ കടി ഏല്ക്കുന്നുണ്ടെന്നും ഈ വർഷം 44000 പേർക്ക് കടിയേറ്റിട്ടുണ്ടെന്നും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി സമിതിയെ ബോദ്ധ്യപ്പെടുത്തി. 2011-12-ൽ 10 പേരും, 2012-13-ൽ 13 പേരും 2013-14-ൽ 11 പേരും പേവിഷബാധമൂലം മരിച്ചതായും അദ്ദേഹം കൂട്ടിച്ചേർത്തു. പേവിഷബാധയ്ക്ക് രണ്ടുതരം ചികിത്സകളാണ് ഇന്നുള്ളത്. ആദ്യമായി ആന്റി റാബീസ് വാക്സിൻ നൽകും. ഇതിനുള്ള മരുന്നിന്റെ കാലാവധി 6-8 മാസം മാത്രമാകയാൽ താലൂക്കാശുപത്രി വഴിയാണ് ഈ ചികിത്സ നല്കുന്നതെന്നും എ. ആർ. വി. നൽകിയിട്ടും രോഗലക്ഷണം മാറിയില്ലെങ്കിൽ പിന്നീട് Human Immunoglobulin നൽകും. ഇതിന്റെ ഒരു ആംപ്യൂളിന് 25,000 രൂപ വിലയാകുമെന്നും ഈ മരുന്ന് നല്കിയിട്ടും രോഗലക്ഷണം മാറിയില്ലെങ്കിൽ പിന്നെ രോഗി മരിച്ചു പോകാറാണുള്ളതെന്നും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. അമൂല്യമായ ഓരോ മനുഷ്യജീവനും ഇക്കാലത്ത് പേവിഷബാധമൂലം നഷ്ടപ്പെടുന്നതിലുള്ള ഉത്കണ്ഠ രേഖപ്പെടുത്തിയ സമിതി പേവിഷബാധയ്ക്ക് പരിഹാരമായി ഇതൊഴിവാക്കാനുള്ള മുൻകരുതലാണ് പരിഷ്കൃത സമൂഹം സ്വീകരിക്കേണ്ടതെന്ന് വിലയിരുത്തുന്നു.

12. കേന്ദ്ര ആരോഗ്യ മന്ത്രാലയം, പ്ലാനിംഗ് ബോർഡ് മുഖാന്തിരം ആന്റി റാബീസ് പ്രോഗ്രാമിന് ഈ വർഷം ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് ആരോഗ്യകുടുംബക്ഷേമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

13. പേവിഷബാധയുടെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്ന നായകൾ വളരെ അപകടകാരികളാണെന്നും എല്ലാ വിഭാഗം ജീവജാലങ്ങൾക്കും പേവിഷബാധ പകർത്തുന്നതിനുള്ള സാദ്ധ്യത ഇവയ്ക്കുണ്ടെന്നും ഇത് അതീവ ഗുരുതരമാണെന്നും ഇത്തരത്തിൽ സമൂഹത്തിൽ സ്വതന്ത്രമായി ജീവിക്കുന്നതിന് കഴിയുന്ന ഒരു മൃഗം അപകടകാരിയായിത്തീരുമ്പോൾ അതിനെ നശിപ്പിക്കുന്നതിന് നിയമതടസ്സമുണ്ടെന്ന വസ്തുത സമിതി വളരെ ഗൗരവത്തോടെ കാണുന്നു.

14. മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിന് 1996-ൽ പാസ്സാക്കിയ നിയമത്തിൽ ഭേദഗതി വരുത്തിയതും ഇതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിലും സുപ്രീം കോടതിയിലുമുള്ള കേസിനെ സംബന്ധിച്ച് ചർച്ച ചെയ്തതിനുംശേഷം ഈ വിഷയത്തിൽ സുപ്രീം കോടതിയിലുള്ള SLP No. 691/09 എന്ന കേസിൽ കക്ഷി ചേരുന്നതിനുള്ള സാദ്ധ്യത പരിശോധിക്കണമെന്നും ഇതു സംബന്ധിച്ച് വിശദമായ ഒരു റിപ്പോർട്ട് സമർപ്പിക്കണമെന്നും നിയമ വകുപ്പിനോട് സമിതി ആവശ്യപ്പെട്ടു. സമിതി ആവശ്യപ്പെട്ട പ്രകാരം നിയമ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ തെരുവുനായകളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ കേന്ദ്ര ആക്ടായ 1960-ലെ Prevention of Cruelty to Animal Act-ലെ വിവിധ വകുപ്പുകളുടെ അടിസ്ഥാനത്തിലാണ് കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കുന്നു.

പ്രസ്തുത ആക്ടിലെ വിവിധ വകുപ്പുകളുടെ സാരാംശം താഴെപ്പറയുന്നു:

(എ) പ്രസ്തുത ആക്ടിന്റെ വകുപ്പ് 11(i) (എൽ) പ്രകാരം തെരുവുനായകൾ ഉൾപ്പെടെയുള്ള മൃഗങ്ങളോട് ക്രൂരത കാണിക്കുന്നത് ശിക്ഷാർഹമായ കുറ്റമാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

(ബി) പ്രസ്തുത ആക്ടിന്റെ വകുപ്പ് 38(2) (ഇഎ) പ്രകാരം തെരുവുനായകളെ ഇല്ലാതാക്കുന്ന രീതികളെ സംബന്ധിച്ച് കേന്ദ്ര സർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(സി) പ്രസ്തുത ആക്ടിന്റെ കീഴിൽ പുറപ്പെടുവിച്ച Animal Birth Control (Dogs) Rules-ലെ ചട്ടം 3(3) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വ്യക്തികൾ, Animal Welfare Organisations എന്നിവരുടെ സഹായത്തോടെ തെരുവുനായകളെ സ്റ്റെറിലൈസ് ചെയ്യാവുന്നതാണ്.

(ഡി) ABC Rules ചട്ടം 7 പ്രകാരം തെരുവുനായകളുടെ കടിയേറ്റതായുള്ള ഒരു പരാതി Dog Control Cell-ൽ ലഭിച്ചാൽ Dog Squad തെരുവുനായകളെ പിടികൂടേണ്ടതും അവയെ സ്റ്റെറിലൈസ് ചെയ്തശേഷം പ്രസ്തുത പ്രദേശത്ത് തിരികെ എത്തിക്കേണ്ടതുമാണ്.

(ഇ) ABC (Dogs) Rules ചട്ടം 13 പ്രകാരം പ്രസ്തുത ചട്ടങ്ങൾ ബാധകമായിട്ടുള്ള പ്രദേശത്ത്, സംസ്ഥാനമോ, തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളോ ഈ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും വിഷയത്തെ സംബന്ധിച്ച് ഏതെങ്കിലും ആക്ടോ റൂളോ റെഗുലേഷനോ ബൈലായോ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള ചട്ടമോ റെഗുലേഷനോ ബൈലായോ 2001-ലെ ചട്ടങ്ങളിൽ മൃഗങ്ങളെ സംബന്ധിച്ച് കുറഞ്ഞ ദോഷകരമായ വ്യവസ്ഥകൾ അടങ്ങിയിട്ടുണ്ടെങ്കിൽ നിലനിൽക്കുന്നതും ഈ ചട്ടങ്ങളിൽ അടങ്ങിയ വ്യവസ്ഥകളേക്കാൾ കൂടുതൽ ദോഷകരമായ വ്യവസ്ഥകൾ അവയിൽ അടങ്ങിയിട്ടുണ്ടെങ്കിൽ അവയ്ക്ക് പ്രാബല്യമില്ലാത്തതുമാകുന്നു.

(എഫ്) 1960-ലെ കേന്ദ്ര ആക്ടിന്റെ 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട Animal Welfare Board of India, 2014 ഫെബ്രുവരി 20-ാം തീയതി പുറപ്പെടുവിച്ച സർക്കുലറിൽ തെരുവുനായകളെ അടിക്കുന്നത് അനുവദനീയമല്ലെന്നും അവയെ സ്റ്റെറിലൈസ് ചെയ്തശേഷം അതാത് സ്ഥലത്ത് തിരികെ എത്തിക്കണമെന്നും വ്യക്തമാക്കുന്നു.

15. കേന്ദ്ര നിയമം കൂടാതെ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 437-ാം വകുപ്പ് പ്രകാരം സെക്രട്ടറിയുടെ ലൈസൻസ് കൂടാതെ ഒരാൾക്കും നായയെ സൂക്ഷിക്കാൻ കഴിയില്ലെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. പ്രസ്തുത ആക്ടിലെ 438-ാം വകുപ്പ് പ്രകാരം ലൈസൻസ് ഇല്ലാതെയുള്ള നായകളെ പിടികൂടുന്നതിനും കൊല്ലുന്നതിനും സെക്രട്ടറിക്ക് ഉത്തരവിടാവുന്നതാണ്. 1998-ലെ Kerala Panchayat Raj (Licensing of Pets & Dogs) Rules-ൽ 6-ാം ചട്ടത്തിൽ തെരുവുനായകളെ പിടികൂടുന്നതും കൊല്ലുന്നതും ഓരോ പഞ്ചായത്തിന്റെയും ഒഴിച്ചു കൂടാനാവാത്ത ചുമതലയാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

16. 1960-ലെ കേന്ദ്ര ആക്ടിലെ വ്യവസ്ഥകൾ, മഹാരാഷ്ട്ര മുനിസിപ്പൽ കോർപ്പറേഷൻ ആക്ടിലെ 191-ബിഎ വകുപ്പിൽ, അലഞ്ഞുതിരിയുന്ന നായകളെ കൊല്ലുന്നതിന് കമ്മീഷണർക്കുള്ള അധികാരം നല്കുന്ന വകുപ്പ് മുതലായവ വിശകലനം ചെയ്തുകൊണ്ട് 19-12-2008-ൽ ബഹു. ബോംബെ ഹൈക്കോടതി People for Elimination of Stray Troubles Vs. State of Goa എന്ന കേസിൽ [WP(C) No. 6257/2006] പൊതുജനത്തിന് ശല്യമാകുന്ന തെരുവുനായകളെ കൊല്ലുന്നതിന് എം എം സി ആക്ട് 191-ബിഎ പ്രകാരം കമ്മീഷണർക്ക് വിവേചന അധികാരം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത വിധിക്കെതിരെ Animal Welfare Board of India ബഹു. സുപ്രീം കോടതി മുമ്പാകെ എസ്.എൽ.പി. (സി) നമ്പർ 691/2009 എന്ന നമ്പരിൽ ഒരു സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്യുകയും ബഹു. സുപ്രീം കോടതി 23-9-2009-ലെ ഉത്തരവ് പ്രകാരം ബോംബെ ഹൈക്കോടതിയുടെ വിധിന്യായം സ്റ്റേ ചെയ്യുകയുമുണ്ടായി. പ്രസ്തുത സ്റ്റേ ഉത്തരവ് ഇപ്പോഴും പ്രാബല്യത്തിൽ ഉള്ളതാണ്. ഇതുമായി ബന്ധപ്പെട്ട വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുമാണ്.

17. ബഹു. സുപ്രീം കോടതിയിൽ നിലവിലുള്ള പ്രസ്തുത കേസിൽ സംസ്ഥാനം ഒരു impleading application 2009-ൽ നൽകിയെങ്കിലും അപേക്ഷയിലെ ന്യൂനതകാരണം അത് പരിഗണിച്ചില്ലെന്നും ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന് പ്രസ്തുത കേസിൽ

കക്ഷി ചേരാമെന്നും ഇതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും നിയമ സെക്രട്ടറി സമിതിയെ അറിയിച്ചു.

18. ആധുനിക ലോകത്ത് പരിഷ്കൃത സമൂഹം നേരിടുന്ന ഗുരുതരമായ ഈ വിപത്തിന്റെ വ്യാപ്തി സമിതി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലും ഉദ്യോഗസ്ഥ രിൽനിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലും തെരുവുനായകളുടെ ശല്യം ഒഴിവാക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട് സമൂഹം നേരിടുന്ന ഭവിഷ്യത്തുകൾ ഒഴിവാക്കുന്നതിനുമായി സമിതിയുടെ ശിപാർശകൾ/നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

## ശിപാർശകൾ/നിർദ്ദേശങ്ങൾ

19. തെരുവുനായകളുടെ എണ്ണം നിയന്ത്രിക്കുന്നതിനുവേണ്ടി എ. ബി. സി. (ആനിമൽ ബെർത്ത് കൺട്രോൾ) പ്രോഗ്രാം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. 16-10-2014-ലെ സ.ഉ.(സാധാ.) നമ്പർ 2673/2014/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് പ്രകാരം എല്ലാ ജില്ലകളിലും ക്ലസ്റ്റർ സംവിധാനം അടിയന്തരമായി രൂപീകരിക്കണ മെന്നും കുറ്റമറ്റ രീതിയിൽ വന്ധ്യംകരണം നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തണ മെന്നും ഇത് സംബന്ധിച്ച പീരിയോഡിക്കൽ റിപ്പോർട്ടുകൾ തയ്യാറാക്കി പുരോഗതി വിലയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

21. നായകളുടെ വന്ധ്യംകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതലായും നടത്തുന്നത് തദ്ദേശസ്വയംഭരണം, മൃഗസംരക്ഷണം എന്നീ വകുപ്പുകൾ ആയതിനാൽ വന്ധ്യംകരണം നടത്തുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത വകുപ്പുകൾക്ക് ബഡ്ജറ്റിൽ ഈ ആവശ്യത്തിനുവേണ്ടി കൂടുതൽ തുക മാറ്റിവയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. നായകളെ വന്ധ്യംകരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിൽ ആവശ്യമായ ഡോക്ടർമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. തെരുവുനായകളെ പരിശീലിപ്പിച്ച് പോലീസ് നായകളാക്കുന്ന ഒരു പദ്ധതി 2014-ൽ ഡൽഹി പോലീസ് നടപ്പിലാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തും അത്തരം ഒരു പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. പേവിഷബാധയേറ്റവരെ ചികിത്സിച്ച് ഭേദപ്പെടുത്തുന്നതിനുള്ള ഔഷധങ്ങൾ കണ്ടെത്തുന്നതിന് കേരളത്തിൽ നിലവിലുള്ള ചികിൽസാ സമ്പ്രദായങ്ങളിൽ ഗവേഷണം നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നതിന് പര്യാപ്തമായ സംവിധാനങ്ങളുള്ള വെറ്ററിനറി പോളി ക്ലീനിക്കിന്റെ നിലവാരമുള്ള മൃഗാശുപത്രി സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. നമ്മുടെ സംസ്ഥാനത്ത് അടുത്ത കാലത്ത് പക്ഷിപ്പനി വ്യാപകമായി പടർന്ന് പിടിക്കുകയും ആയത് മനുഷ്യജീവന് വളരെയധികം ഹാനികരമാകുമെന്നുള്ള കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ രോഗബാധിത പ്രദേശത്തെയും സമീപ പ്രദേശങ്ങളിലെയും എല്ലാ പക്ഷികളെയും കൊന്നൊടുക്കിയത് മനുഷ്യജീവന് നേരെ ഉയർന്ന ഭീഷണിമൂലമാണ്. തെരുവുനായകളുടെ കടിമൂലമുണ്ടാകുന്ന മനുഷ്യജീവഹാനിയും ഇതേ ഗൗരവത്തോടുകൂടി കാണുകയും നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. സുപ്രീം കോടതിയിൽ നിലവിലുള്ള SLP(C) 691/2009 നമ്പർ കേസിലെ ഉത്തരവിന്റെ വെളിച്ചത്തിൽ ഉപദ്രവകാരികളായ തെരുവുനായകളെ കൊല്ലാൻ കഴിയാത്ത സാഹചര്യത്തിൽ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുള്ള പ്രസ്തുത കേസിൽ സംസ്ഥാന സർക്കാർ കക്ഷി ചേർന്ന് ഗൗരവമേറിയ ഈ വിപത്തിന് ഒരു പരിഹാരം കാണുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

28. മനുഷ്യജീവന് ഭീഷണിയായി മാറുന്ന തെരുവുനായകളെ നശിപ്പിക്കുന്നതിന് പര്യാപ്തമായ നിയമനിർമ്മാണം നടത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിന് സംസ്ഥാന സർക്കാരിനോട് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

തോമസ് ഉണ്ണിയാടൻ,

*അദ്ധ്യക്ഷൻ,*

*ഹർജികൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 11.